(ബി) ചിറ്റൂർപുഴ പദ്ധതിയിൽനിന്നുകിട്ടുന്ന ജലംകൊണ്ട് കൃഷിയിറക്കേണ്ട കർഷകർ വെള്ളം കിട്ടാതെ സമരം നടത്തിയപ്പോൾ വെള്ളം തരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയിരുന്നുവോ;

(സി) അതനുസരിച്ച് എത്ര വെള്ളം ലഭ്യമാക്കാമെന്നാണ് തമിഴ്നാട് സർക്കാർ സമ്മതിച്ചിരുന്നത്;

(ഡി) അതനുസരിച്ചുള്ള വെള്ളം ലഭ്യമായോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം 2003 ഡിസംബർ 31-ലെ കണക്കനുസരിച്ച് ചിറ്റൂർപുഴ പദ്ധതിക്ക് കുടിശ്ശികയായി 5771 എം. സി. ഫീറ്റ് വെള്ളം ഉണ്ട്. ഓരോ വർഷവും ഓരോ ദൈവാരത്തിലും തമിഴ്നാടിനോട് ജലം ആവശ്യപ്പെടാറുണ്ടെങ്കിലും ജലദൗർലഭ്യത്തിന്റെ കാരണം പറഞ്ഞ് കേരളത്തിന് അർഹമായ ജലം തമിഴ്നാട് ലഭ്യമാക്കിയിട്ടില്ല.

(ബി) ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യം ഫോണിൽ ചർച്ച ചെയ്തിരുന്നു. കൂടാതെ ഫാക്സ് സന്ദേശവും അയച്ചിരുന്നു.

(സി) 1.5 റ്റി.എം.സി.

(ഡി) ലഭ്യമായി.

മത്സ്യബന്ധന വികസന പദ്ധതികൾ

86 [243] ശ്രീ. സി. ടി. അഹമ്മദ് അലി:
" കെ. എൻ. എ. ഖാദർ:
" പി. കെ. കെ. ബാവ:
" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും സഹായം ലഭിക്കുന്ന മത്സ്യബന്ധന വികസന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) 2002-03 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്;

(സി) ഈ തുക എന്തെല്ലാം കാര്യങ്ങൾക്കായി ചെലവാക്കി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ന്യൂഡൽഹി ആസ്ഥാനമാക്കിയുള്ള ദേശീയ സഹകരണ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പിന്നോക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായത്തോടെ സംയോജിത മത്സ്യബന്ധന വികസന പദ്ധതികൾ മത്സ്യഫെഡ് മുഖാന്തിരം നടപ്പിലാക്കിവരുന്നു.

(ബി ആന്റ് സി) 2002-03 വർഷത്തിൽ ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരിൽ നിന്നും 2517.25 ലക്ഷം രൂപ മത്സ്യഫെഡിന് ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക പദ്ധതിയുടെ വിവിധ ഘടകങ്ങളായ മത്സ്യബന്ധന ഉപകരണ വിതരണം, മത്സ്യബന്ധന ഉപകരണ സുരക്ഷാ സ്കീം, മത്സ്യ വിപണനം, പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ/ഓഫീസ് നിർമ്മിക്കുന്നതിന് ധനസഹായം, വിജ്ഞാന വ്യാപനം, ട്രെയിനിംഗ് മുതലായവയ്ക്കായി ചിലവഴിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ/ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ എന്നിവയിൽ നിന്നുള്ള ധനസഹായത്തോടെ 7.82 ലക്ഷം രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

87 [244] ശ്രീ. എൻ. ശക്തൻ:
„ സി. പി. മുഹമ്മദ്:
„ ഡൊമിനിക് പ്രസന്റേഷൻ:
„ കെ. എ. ചന്ദ്രൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നദികളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെ വിന്യസിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനത്തിൽപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെയാണ് ഇപ്രകാരം വിന്യസിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(സി) ഇതുമൂലം മത്സ്യത്തിന്റെ ലഭ്യത എത്ര കണ്ട് വർദ്ധിപ്പിക്കാമെന്നാണ് കണക്കാക്കുന്നത് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly